# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 90/2025** **തിരുവനന്തപുരം, തീയതി: 30.04.2025**

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ ഇക്കണോമിക്സ് (റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് SLCM (2023, 2022 & 2021 രജിസ്ട്രേഷൻ വിദ്യാർത്ഥികൾ) www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി (2020 അഡ്മിഷൻ) വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും 2025 മെയ് 9 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. SLCM വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ ഇക്കണോമിക്സ് (മേഴ്സിചാൻസ്), 2024 ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്ഡബ്ല്യൂ (സോഷ്യൽ വർക്സ്) (മേഴ്സിചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ അവസാന തീയതിയായ 2025 മെയ് 9 ന് മുൻപ് exams.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
(www.keralauniversity.ac.in).

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎസ്ഡബ്ല്യൂ (സോഷ്യൽ വർക്സ്) (റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 മെയ് 9 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
(www.keralauniversity.ac.in).

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ ബിസിനസ് ഇക്കണോമിക്സ് (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന 2025 മെയ് 9 വരെ ഓൺലൈനായി അപേക്ഷിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2024 നവംബറിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എംഎ മലയാളം (സപ്ലിമെന്ററി – 2021 & 2020 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
(www.keralauniversity.ac.in).

## സീറ്റൊഴിവ്

കേരളസർവകലാശാല ഹിന്ദി പഠന വകുപ്പ് നടത്തുന്ന പിജി ഡിപ്ലോമ ഇൻ ട്രാൻസ്‌ലേഷൻ, അഡ്‌മിനിസ്‌ട്രേറ്റീവ് ഡ്രാഫ്റ്റിംഗ് & റിപ്പോർട്ടിംഗ് ഇൻ ഹിന്ദി പാർട്ട്ടൈം പ്രോഗ്രാമിലേക്ക് (2024-25) എസ്‌ടി കാറ്റഗറിയിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യത: ഹിന്ദി ഒരു വിഷയമായി പഠിച്ച് ഏതെങ്കിലും വിഷയത്തിൽ ബിരുദം. താൽപ്പര്യമുള്ളവർ അസ്സൽ രേഖകളുമായി 2025 മെയ് 2 ന് രാവിലെ 11 മണിക്ക് കാര്യവട്ടം ക്യാമ്പസ്സിലെ കേരളസർവകലാശാല ഹിന്ദി പഠന വകുപ്പിൽ ഹാജരാവുക. വിശദവിവരങ്ങൾക്ക്: 9446183785, 0471-2308649.

## ടൈംടേബിൾ

കേരളസർവകലാശാല 2025 മെയിൽ നടത്തുന്ന എട്ടാം സെമസ്റ്റർ ബിഡെസ് (ഫാഷൻ ഡിസൈൻ) (റെഗുലർ - 2021 അഡ്‌മിഷൻ, സപ്ലിമെന്ററി – 2019 - 2020 അഡ്‌മിഷൻ, മേഴ്‌സിചാൻസ് – 2014 - 2018 അഡ്‌മിഷൻ) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിവോക് സോഫ്ട്‌വെയർ ഡെവലപ്മെന്റ് കോഴ്‌സിന്റെ പ്രാക്ടിക്കൽ, പ്രോജക്ട് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (www.keralauniversity.ac.in).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രം 2024 സെപ്റ്റംബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ ബിഎ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 മെയ് 2 മുതൽ 8 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ EJ-V സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## എൽഎൽഎം പാഠ്യപദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ നിയമ പഠന വകുപ്പ് പൊതുനിയമത്തിലും ബൗദ്ധികസ്വത്തവകാശത്തിലും നടത്തുന്ന രണ്ടുവർഷത്തെ എൽഎൽഎം പാഠ്യപദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. 2025 ഏപ്രിൽ 30 ആണ് അപേക്ഷിക്കേണ്ട അവസാന തീയതി. ഭരണഘടന, പേറ്റന്റ്, പകർപ്പവകാശം, വ്യാപാരമുദ്രനിയമങ്ങളിൽ വൈദഗ്ധ്യവും വിശകലന, ഗവേഷണ, വാദിക്കൽ കഴിവുകളും വളർത്തി സർക്കാർ, കോർപ്പറേറ്റ് നിയമവകുപ്പുകൾ, ഐപി സ്ഥാപനങ്ങൾ, അന്താരാഷ്ട്ര സംഘടനകൾ എന്നിവിടങ്ങളിൽ കരിയർ തിരഞ്ഞെടുക്കാൻ ഈ പാഠ്യപദ്ധതി നിയമ ബിരുദധാരികളെ സജ്ജരാക്കുന്നു. 1988-ൽ സ്ഥാപിതമായത് മുതൽ ബിരുദാനന്തര അധ്യാപനത്തിലും ഗവേഷണത്തിലും മികവ് പുലർത്തുന്ന നിയമ പഠനവകുപ്പിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ് സ്ഥിരമായ 100% വിജയനിരക്ക്, 40 ശതമാനത്തിലധികം വിദ്യാർത്ഥികൾക്ക് യു.ജി.സി. ദേശീയ യോഗ്യതാ പരീക്ഷയിൽ വിജയം, 2005 മുതൽ കേരളത്തിൽ നിയമിക്കപ്പെട്ട നിയമ അധ്യാപകരിൽ 50% പൂർവ്വ വിദ്യാർഥികൾ എന്നിവ. നിയമത്തിൽ ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുമൊപ്പം കേരളസർവകലാശാല ലീഗൽ സർവീസസ്

ക്ലിനിക്, നിയമസാക്ഷരതാ ക്യാമ്പുകൾ, ഡോ.ബി.ആർ. അംബേദ്കർ ചെയറിന്റെ ആഭിമുഖ്യത്തിൽ മനുഷ്യാവകാശത്തിൽ പിജി ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവയും നിയമപഠന വകുപ്പിന്റെ മറ്റു പ്രവർത്തനങ്ങളാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**